All DMO's

**ആരോഗ്യ വകുപ്പിലെ സംസ്ഥാനതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി (AMC) 06-08-2018 ൽ പാലക്കാട് ജില്ലയിൽ വച്ച് നടന്ന യോഗത്തിന്റെ മിനിട്സ്**

ആരോഗ്യ വകുപ്പിന്റെ സംസ്ഥാനതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി (AMC) യുടെ യോഗം 06-08-2018 ന് പാലക്കാട് ജില്ലയിലെ സർക്കാർ നഴ്സിംഗ് സ്കൂൾ കോൺഫറൻസ് ഹാളിൽ ചേർന്നു. യോഗത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥർ പങ്കെടുത്തു

1. Dr. K.P.Rita, DMO(H), Palakkad
2. Bimal Lal.T.S., Senior Finance Officer, DHS
3. Asok Kumar.C, Senior Superintendent, DHS
4. S.Ajith Sukumar, Senior Clerk, DHS
5. Ansar.A., Senior Clerk, DHS
6. Suresh Kumar.P, Senior Clerk, DHS
7. Santhosh.B, Senior Clerk, DHS
8. Sunil Kumar.K.P, Senior Superintendent (Audit), DMO (H), Kozhikode
9. Reshma.K, Senior Clerk, Kozhikode
10. P.S.Ramesh Babu, Sunior Superintendent (Audit), Kottayam
11. Sasankan.C.T, Senior Clerk, Kottayam
12. Sunil.K.Francis, Senior Clerk, Kottayam
13. Sunish kumar.M.K, Senior Clerk, Pathanamthitta
14. Aneeshkumar.G, Senior Clerk, Pathanamthitta
15. Suresh Babu, Lay Secretary and Treasurer, Ernakulam
16. V.S.Salim, Senior Superintendent, Pathanamthitta
17. Abdul Jabbar.R.H, Senior Superintendent, Thrissur
18. Ranjith.T.G, Senior Clerk, DMO(H), Thrissur
19. Titus.B, Clerk, DMO(H), Idukki
20. John Philip.P, Senior Clerk
21. Rekha.S, Senior Superintendent (A), DMO(H) Alappuzha
22. Nisar Ahmed.M.P, Senior Superintendent (A), DMO(H) Kannur
23. Shyama Sundaram, Senior Clerk, DMO(H) Kannur
24. Basheer.K, Administrative Assistant, DMO (H) Palakkad

7632170

GOVERNMENT OF KERALA 2017-18

25. Girish Kumar.P, Senior Superintendent, DMO(H) Kasargode
26. Anishkumar.R.K, Clerk, DMO(H) Kasargode
27. Raphel.P.M, Senior Superintendent, Idukki
28. Anilkumar.P.K, Head Clerk, GH Adoor
29. Sreedharan.K.E, Senior Clerk, Palakkad
30. Sreekumar.R, Junior Superintendent, DHS
31. Mohamed Sageer.P.A, Junior Superintendent, DHS
32. Rajeevkumar.T.A, Senior Clerk, DHS
33. Sharfudeen.K, Senior Clerk, DMO(H) Malappuram
34. Madhu Janardhanan, Senior Superintendent (Audit), DMO(H), Malappuram
35. R.Shajan, Senior Clerk, DMO(H) Thiruvananthapuram
36. R.Radhakrishnan, Senior Superintendent, Palakkad
37. Dhanya.P., Senior Clerk, Wayanad
38. Jayachandra Bose, Senior Clerk, Kollam
39. K.Sabu, Senior Clerk, Kollam
40. Bajimon, Senior Superintendent, Kollam
41. Siva kumar.R., Office Attendant, Palakkad
42. Vasudevan.V, Office Attendant, Palakkad
43. Unnikrishnan, Driver, Palakkad
44. Ramesh.K, Driver, Palakkad
45. Sundaran.K, Office Attendant, Palakkad
46. Dileep.M.S, Office Attendant, Palakkad
47. Deepa.K.V, Senior Clerk, DHS

സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ. ബിമൽ ലാൽ.റ്റി.എസ്.ന്റെ അദ്ധ്യക്ഷതയിൽ 10.30 മണിയ്ക്ക് ചേർന്ന യോഗം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.പി.റീത്ത ഉദ്ഘാടനം ചെയ്തു. AMC വളരെ ഗുണകരമായ ഒരു നടപടിയാണെന്നും ഇത്തരത്തിൽ യോഗം ചേരുന്നതുകൊണ്ട് ഓഡിറ്റ് തടസ്സവാദങ്ങളുടെ എണ്ണം കുറയുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ കഴിയുന്നു എന്നും ജില്ലാ മെഡിക്കൽ ഓഫീസർ അഭിപ്രായപ്പെട്ടു. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന മെഡിക്കൽ ഓഫീസർമാർക്ക് ഓഡിറ്റിന്റെ പ്രാധാന്യത്തെക്കുറിച്ചും നടപടികളെക്കുറിച്ചും പ്രത്യേകം പരിശീലനം നൽകേണ്ടതുണ്ടെന്നും ആയതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ പ്രത്യാശ പ്രകടിപ്പിച്ചു.

632148
GOVERNMENT OF KERALA 2017-18

സീനിയർ ഫിനാൻസ് ഓഫീസർ AMC യുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുകയും ഓഡിറ്റ് നടപടികളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. കഴിഞ്ഞ യോഗത്തിലെ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് സീനിയർ സൂപ്രണ്ട് ശ്രീ. അശോക് കുമാർ.സി. യോഗത്തിൽ വിശദീകരിച്ചു.

ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് 20-04-2018 ലെ സർക്കാർ പരിപത്രം നം. 33/2018/ധന. പ്രകാരം, ഓഡിറ്റ് നടത്തേണ്ട സ്ഥാപനത്തിലെ എല്ലാ പതിവേടുകളും രേഖകളും പരിശോധനയ്ക്ക് വിധേയമാക്കണമെന്നും പരിശോധന സംബന്ധിച്ച വിവരം റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും സീനിയർ ഫിനാൻസ് ഓഫീസർ നിർദ്ദേശിച്ചു. ഓഡിറ്റ് നടത്തുന്ന സ്ഥാപനത്തിലെ കാഷ് ബുക്കും കാഷ് ബാലൻസും ഒത്തുനോക്കുകയും Physical verification നടത്തി റിപ്പോർട്ടിൽ വിവരം രേഖപ്പെടുത്തേണ്ടതുമാണ് എന്ന നിർദ്ദേശം സീനിയർ ഫിനാൻസ് ഓഫീസർ നൽകി.

**<u>യോഗതീരുമാനങ്ങൾ</u>**

1) AMC യോഗ തീരുമാനങ്ങളെ സംബന്ധിച്ച മിനിട്സ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ website-ൽ (AMC link) പ്രസിദ്ധീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകാൻ തീരുമാനിച്ചു.
2) Supernumerary ആയി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ നിയമനം ലഭിച്ചിട്ടുള്ളവർക്ക് സർവ്വീസിൽ കയറിയ തീയതി മുതൽ സേവനം റഗുലറൈസ് ചെയ്തിട്ടുള്ളതായും, ചിലർക്ക് വാർഷിക വേതന വർദ്ധനവ് ഉൾപ്പെടെ നൽകിയിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ളതായി പല ജില്ലകളിൽ നിന്നും യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അത്തരം കേസുകളിൽ നിയമാനുസരണം നടപടി സ്വീകരിച്ച് തുക തിരിച്ചു പിടിക്കാൻ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.
3) പല സ്ഥാപനങ്ങളിലും Permanent Advance ആയി തുകകൾ സൂക്ഷിച്ചിരിക്കുന്നതായും ആയത് നിലവിലെ സാഹചര്യത്തിൽ ആവശ്യമില്ലാത്തതാകയാൽ ട്രഷറിയുമായി ബന്ധപ്പെട്ട് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ തീരുമാനിച്ചു.
4) സാനിട്ടറി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ തുക സ്വീകരിക്കുന്നതിനെ സംബന്ധിച്ച സ്പഷ്ടീകരണം യോഗത്തിൽ നിന്നും പൊതുവേ ഉയർന്നു വന്നു. പ്രതിനിധികളുമായി ചർച്ച ചെയ്തശേഷം ഫീസായി ഈടാക്കുന്ന ₹ 160/- രൂപ താഴെപറയുന്ന നടപടിക്രമങ്ങളിലൂടെ നടപ്പിലാക്കാൻ നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

   അപേക്ഷ സ്വീകരിക്കേണ്ട ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ
   പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടത് : ഹെൽത്ത് ഇൻസ്പെക്ടർ
   തുക സ്വീകരിച്ച് TR5 രസീത് നൽകേണ്ടത് : ഓഫീസ് ചുമതലയുള്ള ഉദ്യോഗസ്ഥൻ (മെഡിക്കൽ ഓഫീസറുടെ അറിവോടെ)

5) ഈ വകുപ്പിലെ O&M പരിശോധനയുടെ ഭാഗമായി തൻപതിവേട് (PR) പരിശോധന കാര്യക്ഷമമായി നടക്കുന്നതിനാൽ ഓഡിറ്റിന്റെ ഭാഗമായ പരിശോധനയിൽ നിന്നും പ്രസ്തുത പതിവേടിനെ ഒഴിവാക്കണമെന്ന യോഗത്തിന്റെ പൊതുവായ നിർദ്ദേശം സർക്കാരുമായി ബന്ധപ്പെട്ട ശേഷം അറിയിക്കാമെന്ന തീരുമാനത്തിലെത്തി

6) സ്ഥാപന മേധാവി Compensation Leave ന് അർഹനാണോ എന്ന സംശയം ആലപ്പുഴ ജില്ലയിൽ നിന്നുള്ള പ്രതിനിധി ആരാഞ്ഞു. നിലവിൽ KSR പ്രകാരം സ്ഥാപന മേധാവിക്ക് Compensation Leave ന് അർഹതയില്ല എന്നും ആരോഗ്യ വകുപ്പിലെ പ്രത്യേക സാഹചര്യമനുസരിച്ച് സർക്കാരുമായി ബന്ധപ്പെട്ട് ഈ കാര്യത്തിൽ തീരുമാനം അറിയിക്കാമെന്നും തീരുമാനിച്ചു.

7) ആരോഗ്യ വകുപ്പിൽ അനവധി പദ്ധതികൾ കൈകാര്യം ചെയ്യുന്നതിനാൽ നിലവിലെ കാഷ് ബുക്കിൽ എല്ലാ ഇനങ്ങളും ഉൾക്കൊള്ളിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും ആയതിനാൽ വകുപ്പിന് മാത്രമായി ഒരു കാഷ് ബുക്ക് (പുതിയ ഫോർമാറ്റിൽ) അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകണമെന്ന് കൊല്ലം ജില്ലയിൽ നിന്നുള്ള സീനിയർ സൂപ്രണ്ട് ആവശ്യപ്പെട്ടു. സർക്കാരിന്റെ അനുമതിയോടെ മാത്രമേ ഇതിൽ തീരുമാനം കൈക്കൊള്ളാൻ കഴിയൂ എന്നതിനാൽ സർക്കാരുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശ പ്രകാരം തുടർ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.

8) ഓഡിറ്റ് ഫയലുകൾ തീർപ്പാക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഓഡിറ്റ് ഫയൽ അദാലത്ത് നടത്തുവാൻ തീരുമാനിച്ചു.

യോഗം 1.30 ന് അവസാനിച്ചു.

അടുത്ത യോഗം കാസർഗോഡ് ജില്ലയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

ബിമൽ ലാൽ.റ്റി.എസ്.
സീനിയർ ഫിനാൻസ് ഓഫീസർ
ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

SS-24-09-2018